പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *65

**14.01.2021 -ലെ മറുപടിയ്ക്ക്**

## തൊഴിൽ സൗഹൃദാന്തരീക്ഷം

ചോദ്യം

ശ്രീ കെ.വി.അബ്ദുൾ ഖാദർ
ശ്രീ റ്റി . വി. രാജേഷ്
ശ്രീ. വി.ജോയി
ശ്രീമതി പി. അയിഷാ പോറ്റി :

എ) കോവിഡ് മഹാമാരി മറയാക്കികൊണ്ട് കേന്ദ്രസർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും തൊഴിൽ സമയം വർദ്ധിപ്പിച്ചും ഓവർടൈം നിഷേധിച്ചും തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്യാൻ തുനിഞ്ഞും തൊഴിലാളികളെ കൂടുതൽ ദുരിതത്തിലാഴ്ത്താൻ ശ്രമിച്ച വേളയിൽ സംസ്ഥാനത്തെ തൊഴിലാളികളുടെ പ്രത്യേകിച്ച് അസംഘടിത മേഖലയിലുള്ളവരുടെ താല്പര്യം സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനം അറിയിക്കാമോ; എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുക, ജീവനക്കാരുടെ ജോലിസമയം, അവധി അനുവദിക്കൽ, വേതനം, തൊഴിലാളികളും തൊഴിലുടമകളും പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്നിവ സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് യഥാസമയങ്ങളിൽ നൽകിയിരുന്നു. ഈ കാലയളവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് ജോലിക്ക് ഹാജരാകാൻ സാധിക്കാത്ത ജീവനക്കാരുടെ വേതനത്തിൽ കുറവ് വരുത്താനോ വേതനം തടഞ്ഞുവെക്കുവാനോ പാടില്ലെന്ന് നിർദ്ദേശിച്ച് തൊഴിൽ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഈ സർക്കുലർ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ രണ്ട് മാസത്തേക്ക് നടപടി സ്വീകരിക്കരുതെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. തുടർന്ന് തൊഴിലുടമകൾ ബഹു.സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ഇത് കൂടാതെ ലോക്ക് ഡൗൺ കാലയളവിലെ തൊഴിലാളികളുടെ വേതനം സംബന്ധിച്ച് കേരളാ സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിമേലുള്ള വിധിന്യായം അനുസരിച്ചുള്ള അനുരഞ്ജന ചർച്ചകൾ നടത്തി നടപടി സ്വീകരിച്ച് വരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സാധാരണ ഗതിയിലുള്ള സ്ഥാപന പരിശോധനകൾക്ക് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും വ്യക്തിഗതമായി ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സംരംഭക സൗഹൃദ അന്തരീക്ഷം വളർത്തിയെടുക്കുന്നതിന് അനുപൂരകമായ തൊഴിൽ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കേരളത്തിലെ സംരംഭക സൗഹൃദ സ്ഥിതി പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളി തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി, തൊഴിൽ നിയമങ്ങളുടെ പതിവായുള്ള നടത്തിപ്പിനു പുറമേ നിരവധി പദ്ധതികൾ കൂടി തൊഴിൽ വകുപ്പ് മുഖേന നടത്തി വരുന്നു. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന Ease of doing business പദ്ധതി കേരളത്തിൽ സംസ്ഥാന വ്യവസായ വകുപ്പിനു കീഴിൽ നോഡൽ ഏജൻസി ആയ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KSIDC) മുഖേന നടപ്പിലാക്കി വരുന്നു. ഒരു കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭകരെ പരിപോഷിപ്പിക്കുന്നതിന് വേണ്ടതായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്ക് ലേബർ കമ്മീഷണറുടെ ഓൺലൈൻ പോർട്ടലായ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) -ൽ ടി ഉദ്ദേശ്യത്തിനായി വികസിപ്പിച്ചിട്ടുള്ള കെ സ്വിഫ്റ്റ് മൊഡ്യൂൾ ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്. സംരംഭകർക്ക് ആവശ്യമായ വിവിധ വകുപ്പുകളുടെ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സേവനങ്ങൾക്കൊപ്പം തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സേവനങ്ങളുടെയും അപേക്ഷ SWIFT PORTAL മുഖാന്തരം സമർപ്പിക്കാവുന്നതും ആവശ്യമായ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കാവുന്നതുമാണ്. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 പ്രകാരമുള്ള രജിസ്ട്രേഷൻ, കോൺട്രാക്ട് ലേബർ റഗുലേഷൻ & അബോളിഷൻ ആക്ട് 1970, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1979 എന്നിവ പ്രകാരമുള്ള ലൈസൻസ് നിശ്ചിത ഫീസ് അടക്കുന്ന പക്ഷം കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഓട്ടോമാറ്റിക്ക് ആയി പുതുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്.

സി) തൊഴിൽ നൽകുന്ന സ്ഥാപനങ്ങളുടെ തൊഴിലാളികളോടുള്ള സമീപനത്തിലെ മികവിന്റെ യടിസ്ഥാനത്തിൽ ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് അറിയിക്കാമോ?

(സി) തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കി, സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2017, 2018 വർഷങ്ങളിൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കുകയും, നിലവിൽ 2019 വർഷത്തെ ഗ്രേഡിംഗ് പദ്ധതിയുടെ അസസ്സ്മെന്റ് നടപ്പിലാക്കി വരുകയും ചെയ്യുന്നു.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ- വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കി ഓൺലൈൻ സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ ഗ്രേഡുകൾ നൽകുകയും ആയതിലൂടെ തൊഴിലാളി-തൊഴിലുടമ ബന്ധം ഊഷ്മളമാക്കുന്നതിനും, മികച്ച തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ടി പദ്ധതി മുഖാന്തിരം സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ